"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന മരണപ്പെട്ട പി.കെ. പുരുഷോത്തമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1552/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/08/2020**

---

പരാമർശം:- 1 17.09.2001 ലെ 22627/ജെ3/99/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ

2 ശ്രീ.പി.കെ. പുരുഷോത്തമന്റെ എതിർവാദ പത്രിക

3 പഞ്ചായത്ത് ഡയറക്ടറുടെ 12.01.2006 ലെ ഡി1/28926/2001 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

സർക്കാർ ഭൂമി കൈയ്യേറി കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ സർക്കാർ പുറമ്പോക്ക് ഭൂമി കൈയ്യേറി സ്വകാര്യ വ്യക്തികൾ നിർമ്മിച്ച ചുറ്റുമതിൽ നിർമ്മാണത്തിനെതിരെ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്ന സർവ്വീസ് സ്റ്റേഷനെതിരെ പഞ്ചായത്ത് യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചില്ലായെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.കെ. പുരുഷോത്തമനെതിരെ പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. പി.കെ. പുരുഷോത്തമൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. എ.കെ. സഫീന എന്നവർ സർക്കാർ ഭൂമി കൈയ്യേറി നിർമ്മിച്ച ചുറ്റുമതിൽ പൊളിച്ചു നീക്കിയിട്ടുള്ളതായും, ശ്രീ. അശോകന്റെ സർവ്വീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. പി.കെ. പുരുഷോത്തമൻ 30.11.2005-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ടിയാൻ 23.04.2012-ന് മരണപ്പെട്ടതായും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.കെ. പുരുഷോത്തമൻ 30.11.2005-ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ടിയാൻ 23.04.2012-ന് മരണപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ. പി.കെ. പുരുഷോത്തമനെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലാത്തതിനാൽ , അഴിയൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന മരണപ്പെട്ട പി.കെ. പുരുഷോത്തമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. അഴിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മരണപ്പെട്ട പി.കെ. പുരുഷോത്തമന്റെ അനന്തരാവകാശികൾക്ക് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/187/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2020.08.20 [illegible]5:20 IST
Reason: Approved
സെക്ഷൻ ഓഫീസർ